"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - WP(C) No.544/2024- അന്യായത്തിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 08/01/2024 ലെ വിധിന്യായം-ശ്രീമതി അഖില കെ.ടി. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.169/2024/F&CS തീയതി,തിരുവനന്തപുരം, 03-07-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.161/2022/ഭ.പൊ.വി.വ. തീയതി 09/05/2022
2. തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസറുടെ 28/01/2023-ലെ DSOTSR/654/2022-F2-നം. ഉത്തരവ്
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 22/03/2023-ലെ DCTSR/ 13851/ 2022-C2-നം. ഉത്തരവ്
4. ശ്രീമതി അഖില കെ.ടി.സർക്കാരിൽ സമർപ്പിച്ച 23/01/2024-ലെ റിവിഷൻ ഹർജി.
5. ശ്രീമതി അഖില കെ.ടി. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 544 of 2024 -ലെ 08/01/2024-ലെ വിധിന്യായം.
6. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 06/02/2024-ലെ CCS/710/2024-A8 നം.റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കൊടുങ്ങല്ലൂർ താലൂക്കിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ ന്യായവിലകട 1845049- ന് പുതിയ ലൈസൻസിയെ നിയമിക്കുന്നതിനായി പട്ടികജാതി വിഭാഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വിജ്ഞാപന പ്രകാരം ശ്രീ.ജയചന്ദ്രൻ ടി.എസ്., ശ്രീമതി അഖില കെ.ടി., ശ്രീമതി. സാന്ദ്ര കെ.ആർ. എന്നിവർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച ജില്ലാ സപ്ലൈ ഓഫീസർ, ശ്രീമതി സാന്ദ്ര കെ.ആർ. കട നടത്തുന്നതിനായി കണ്ടെത്തിയ കെട്ടിടം 2021 കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് വകുപ്പ് 32 (1) അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കുന്നില്ല എന്ന കാരണത്താൽ നിരസിക്കുകയും, പരാമർശത്തിലെ ഉത്തരവിന്റെ ആനുകൂല്യത്തിൽ മുതിർന്ന അപേക്ഷകൻ എന്ന മുൻഗണന നൽകി ശ്രീ. ജയചന്ദ്രൻ ടി.എസ്. നെ കൊടുങ്ങല്ലൂർ താലൂക്കിലെ 1845049 നമ്പർ ന്യായവിലകടയുടെ

ലൈസൻസിയായി നിയമിച്ച പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

2. ജില്ല സപ്ലൈ ഓഫീസറുടെ പരാമർശം (2)-ലെ ഉത്തരവിനെതിരെ ശ്രീമതി. അഖില കെ.ടി ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. സ്ത്രീ എന്ന നിലയിലും കച്ചവട സഹായി എന്ന നിലയിലും തനിക്ക് ആനുകൂല്യം ലഭിച്ചില്ല എന്നാരോപിച്ചാണ് ടിയാരി അപ്പീൽ അപേക്ഷ സമർപ്പിച്ചത്. ഈ അപ്പീൽ അപേക്ഷയിൽ വേഗത്തിലുള്ള തീർപ്പ് തേടി ടിയാരി കോടതിയിലും ഹർജി ഫയൽ ചെയ്യുകയും, ആയതിൻമേലുള്ള വിധിന്യായ പ്രകാരം (WP(C) No.39490/2022 ന്മേലുള്ള 07/12/2022 ലെ വിധിന്യായം.) ടിയരിയുടെ അപ്പീൽ അപേക്ഷയിൽ ശ്രീമതി അഖിലയെയും, ജില്ലാ സപ്ലൈ ഓഫീസറെയും 14/02/2023 തീയതിയിൽ ജില്ലാ കളക്ടർ നേരിൽ കേൾക്കുകയും അപേക്ഷയും അനുബന്ധരേഖകളും പരിശോധിക്കുകയും ചെയ്തു. കൊടുങ്ങല്ലൂർ താലൂക്കിലെ ന്യായവിലകട 1845049ന് അപേക്ഷ ക്ഷണിച്ചിരിക്കുന്നത് SC വിഭാഗക്കാരിൽ നിന്നുമായതിനാലും 'SC വനിത' വിഭാഗക്കാരിൽ നിന്നുമല്ല എന്നത് കൊണ്ടും, ശ്രീമതി. അഖിലയ്ക്ക് കച്ചവട സഹായി എന്ന നിലയിൽ മുൻഗണന നൽകാൻ തക്ക കാലത്തെ പ്രവൃത്തി പരിചയമില്ലാത്തതിനാലും ശ്രീമതി അഖിലയുടെ അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ട് പരാമർശം (3)- പ്രകാരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.

3. ജില്ലാ കളക്ടറുടെ പരാമർശം (3)-ലെ ഉത്തരവിനെതിരെ ഹർജിക്കാരി ബഹു.കേരള ഹൈക്കോടതി മുൻപാകെ അന്യായം ഫയൽ ചെയ്യുകയും, സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുമുണ്ടായി. ഹർജിക്കാരിയായ അഖിലയെയും അഞ്ചാം ഏതിർകക്ഷിയായ ജയചന്ദ്രന്റെയും വാദം കേട്ട ശേഷം ഒന്നാം എതിർകക്ഷിയായ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് പരാമർശം (5) പ്രകാരം ബഹു.കോടതി ഉത്തരവാകുകയുണ്ടായി. തുടർന്ന് ഹർജിക്കാരി ശ്രീമതി കെ.ടി. അഖിലയെയും, 5-ാം കക്ഷിയായ റ്റി.എസ് ജയചന്ദ്രനെയും 20/02/2024 ന സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

4. നിയമാനുസൃതം പുറപ്പെടുവിച്ച വിജ്ഞാപനത്തെത്തുടർന്ന് താൻ സമർപ്പിച്ച അപേക്ഷ ബന്ധപ്പെട്ട അധികാരികൾ സസൂക്ഷ്മം പരിശോധിച്ച ശേഷമാണ് തനിക്ക് 1845049 നമ്പർ റേഷൻ കട അനുവദിച്ച് തന്നതെന്നും 12/06/2023 മുതൽ താൻ ലൈസൻസിയായി പ്രവർത്തിച്ചുവരികയാണെന്നും, തനിക്കൊപ്പം അപേക്ഷക ആയിരുന്ന ശ്രീമതി അഖില കെ.ടി. കേസുകൊടുത്തകാര്യം അറിഞ്ഞിരുന്നില്ലെന്നും നിയമാനുസൃതം അനുവദിച്ചു കിട്ടിയതും ഇപ്പോൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നതുമായ FPS 49 തുടർന്നും നിലനിർത്തിത്തരണമെന്നും ശ്രീ. ജയചന്ദ്രൻ അപേക്ഷിച്ചു.

5. ശ്രീമതി അഖില കെ.ടി എന്നയാൾക്കുവേണ്ടി ടിയാളുടെ അഭിഭാഷകനും ,ഭർത്താവും ഹാജരാകുകയുണ്ടായി. നടപടിക്രമങ്ങൾ പാലിച്ചല്ല നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതെന്നും നോട്ടിഫിക്കേഷനിൽ SC/ST/PH എന്നിവർക്കാണോ ലൈസൻസ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും, അപേക്ഷക SC കാറ്റഗറിയിൽ പെടുന്ന ആളാണെന്നും സ്ത്രീയാണെന്നുള്ള മുൻഗണന നൽകിയില്ലെന്നും, പരാതിക്കാരിക്ക് 3 വർഷത്തെ പ്രവൃത്തി പരിചയമുണ്ടെന്നും ഇപ്പോൾ അനുവദിച്ചിട്ടുള്ള ആളിന് പ്രവൃത്തി പരിചയമില്ലെന്നും, പരാതിക്കാരിയുടെ സ്വന്തം കെട്ടിടത്തിലാണ് ടി കട വർഷങ്ങളായി

പ്രവർത്തിച്ചുവരുന്നതെന്നും വാദിച്ചു.

6. പരാമർശം 2,3 പ്രകാരമുള്ള ഉത്തരവുകൾ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം, ഹർജിക്കാരിയുടെ പുനരവലോകന ഹർജി,ടിയാരിയുടെ അഭിഭാഷകന്റെവാദം, അഞ്ചാം കക്ഷിയുടെ മൊഴി,പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ട് എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു .

7. ശ്രീമതി. അഖില കെ ടി. സമർപ്പിച്ച അപേക്ഷ നിരസിച്ചത് ടിയാരി കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 പ്രകാരം ന്യായവിലകട ലൈസൻസിയാകുവാൻ യോഗ്യതയില്ലാത്ത വ്യക്തിയായതിനാൽ അല്ല, മറിച്ച് അപേക്ഷകർ തമ്മിൽ യോഗ്യതയിൽ തുല്യത വന്നാൽ ,തുല്യരായി വന്ന അപേക്ഷകരിൽ മുതിർന്ന അപേക്ഷകന് മുൻഗണന നൽകാവുന്നതാണ് എന്ന സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ടാണ്. പട്ടിക ജാതി/പട്ടിക വർഗവിഭാഗക്കാർക്കായാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. അപ്രകാരം ഈ വിഭാഗത്തിലെ പുരുഷന്മാർക്കോ സ്ത്രീകൾക്കോ അപേക്ഷിക്കാവുന്നതാണ്. ടി ഒഴിവു പട്ടിക ജാതി/ പട്ടിക വർഗ വിഭാഗത്തിലെ സ്ത്രീകൾക്ക് മാത്രമായി നീക്കി വച്ചിട്ടുള്ളതാണെന്നു പ്രത്യേകം പറഞ്ഞിട്ടില്ല. കൊടുങ്ങല്ലൂർ താലൂക്കിലെ 1845049 നമ്പർ ന്യായവില കടയുടെ ലൈസൻസിയായി ശ്രീ. ജയചന്ദ്രൻ ടി.എസ്. എന്ന വ്യക്തിയെ നിയമിച്ച ഉത്തരവ് 12/06/2023 തീയതി നടപ്പിൽ വരുത്തുകയും, കടയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെയായും പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതുമാണ്,ടി സാഹചര്യത്തിൽ ശ്രീമതി. അഖില കെ. ടി. യുടെ അപേക്ഷയിൽ ജില്ലാകളക്ടറുടെ പരാമർശം (3 )പ്രകാരമുള്ള ഉത്തരവ് വസ്തുതകൾ വ്യക്തമായി പ്രതിപാദിച്ചുള്ളതും ആയതിന്മേൽ ഇടപെടേണ്ട യാതൊരുസാഹചര്യവും ഇല്ലാത്തതുമാണ്.ആകയാൽ പരാമർശം (4) പ്രകാരമുള്ള ശ്രീമതി. അഖില കെ. ടി. യുടെ റിവിഷൻ ഹർജി നിരസിച്ചുകൊണ്ടും WP(C) No.544/2024- അന്യായത്തിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 08/01/2024 ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം

2.ജില്ലാ സപ്ലൈ ഓഫീസർ ,തൃശ്ശൂർ.
3.ജില്ലാ കളക്ടർ, തൃശ്ശൂർ.

4.ശ്രീമതി അഖില കെ.ടി. ചിറ്റപ്പറത്ത് ഹൗസ്,ഇടവിലങ്ങ് പി.ഒ., കൊടുങ്ങല്ലൂർ,തൃശ്ശൂർ 680671

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം(with C/L)

6.വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

7. കരുതൽ ഫയൽ (FCSD-B2/23/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 03-07-2024 10:40:09

<u>പകർപ്പ്</u>

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്